ഉത്തരം

(എ) ഐ.എം.സി.എച്ചിലെ (IMCH) പേവാർഡ് മുറി ആർക്കും പാട്ടത്തിന് നൽകിയിട്ടില്ല.

(ബി) ഉണ്ട്. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) കോഴിക്കോട് മെഡിക്കൽ കോളേജിനോടനുബന്ധിച്ചുള്ള ജനതാ പേവാർഡിലെ രണ്ടു നിലകൾ പോസ്റ്റ് ഗ്രാഡ്വേറ്റ് വിദ്യാർത്ഥികൾക്ക് ഹോസ്റ്റലായി ഉപയോഗിക്കുന്നതിന് നൽകിയിട്ടുണ്ട്. നിശ്ചിത വാടക അധികാരികൾ നൽകണമെന്ന് നിശ്ചയിച്ചിരുന്നെങ്കിലും ഇതുവരെ ലഭ്യമാക്കിയിട്ടില്ല. ഇതുസംബന്ധിച്ച നഷ്ടം കണക്കാക്കി തിരിച്ചുപിടിക്കാനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

(2107, 2161, 2253 എന്നീ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ലഭിച്ചിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

II അടിയന്തരപ്രമേയ നോട്ടീസ്

സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ വിദ്യാർത്ഥി പ്രവേശനവും ഫീസ് നിർണ്ണയവും

മി. സ്പീക്കർ : സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ പ്രവേശനത്തിന് അമ്പത് ശതമാനം സീറ്റ് മെറിറ്റിൽ നൽകാൻ കഴിയുകയില്ലെന്നും, ഫീസ് നിരക്ക് നിശ്ചയിക്കാൻ ഗവൺമെന്റിന് അധികാരമില്ലെന്നുമുള്ള സ്വാശ്രയ മെഡിക്കൽ കോളേജ് മാനേജുമെന്റുകളുടെ നിലപാടുമൂലം മാനേജുമെന്റ് പ്രതിനിധികളുമായി ഗവൺമെന്റ് നടത്തിയ ചർച്ചയും പരാജയപ്പെട്ടിരിക്കുന്നു. പ്രവേശന നടപടികൾ അവസാനഘട്ടമായിട്ടും സർക്കാർ നിലപാട് നടപ്പിലാക്കാൻ കഴിയാതെ വരികയും ഈ വർഷവും സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ വിദ്യാർത്ഥികൾക്ക് മെറിറ്റ് സീറ്റുകൾ നഷ്ടപ്പെടുകയും ചെയ്യുന്ന അതീവ ഗുരുതരമായ സ്ഥിതി വിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ കോടിയേരി ബാലകൃഷ്ണൻ, കെ.പി. രാജേന്ദ്രൻ, എ.എ. അസീസ്, സി.കെ. നാണു, പി.സി. ജോർജ്, എ. സി. ഷൺമുഖദാസ്, ഡോ. കെ.സി. ജോസഫ്, എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) : സർ, സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽകോളേജുകളിലെ പ്രവേശനവും ഫീസ് നിർണ്ണയവും സംബന്ധിച്ച് സർക്കാർ ഇതിനകംതന്നെ വളരെ ഗൗരവമായ ചർച്ചകൾ നടത്തിയിട്ടുണ്ട്. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം സ്വാശ്രയ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനങ്ങളിൽ നൽകേണ്ടുന്ന ഗവൺമെന്റ് സീറ്റിന്റെ കാര്യത്തിലും മാനേജുമെന്റ് സീറ്റുകളുടെ കാര്യത്തിലും വ്യക്തമായ ഒരു നിലപാട് നേരത്തെതന്നെ സൂചിപ്പിച്ചതാണ്. 50 ശതമാനം മാനേജുമെന്റ് സീറ്റും 50 ശതമാനം ഗവൺമെന്റ് സീറ്റുമെന്നുള്ള വ്യക്തമായ ഒരു പോളിസി ഈ സഭയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ കൊല്ലം വ്യക്തമായ regulation പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ ആ പോളിസി അംഗീകരിച്ച് അഡ്മിഷൻ നടത്തിക്കൊണ്ടിരിക്കുന്നു. ഫീസിന്റെ കാര്യത്തിലാണ് ഒരൽപം ഏകീകരണമില്ലായ്മ ഉണ്ടായത്. അതിലെ തർക്കം ഒരു പരിധിവരെ നിലനിൽക്കുകയാണ്. ഏറ്റവും നിർഭാഗ്യകരമായ ഒരവസ്ഥയെന്നു പറയുന്നത് കഴിഞ്ഞ തവണ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയിൽ പറഞ്ഞതുപോലെ നമ്മുടെ സംസ്ഥാനത്തെ നാല് സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ രണ്ട് കോളേജുകൾ വളരെ വ്യക്തമായി ഗവൺമെന്റ് പോളിസി അംഗീകരിക്കാതെ മാറിനിന്നു. ടി.എം.എ. പൈ കേസിൽ സുപ്രീംകോടതി ജഡ്ജുമെന്റിന്റെ ഭാഗമെന്നുള്ള നിലയിൽ മാനേജുമെന്റുകൾക്ക് അഡ്മിഷൻ നടത്താനുള്ള പൂർണ്ണ അധികാരമുണ്ടെന്നും ഫീസ് structuring വരുത്താനുള്ള അധികാരം ഒരുപരിധിവരെ ഉണ്ടെന്നുമുള്ള വ്യാഖ്യാനമാണ് ആ മാനേജുമെന്റുകൾ ഗവൺമെന്റിന്റെ മുൻപാകെ വച്ചത്. ഇതുമായി ബന്ധപ്പെട്ട് കഴിഞ്ഞ തവണ നമ്മൾ സ്വീകരിച്ച നിലപാടിനനുകൂലമായി interim arrangement എന്നുള്ള നിലയിൽ ഒന്നരലക്ഷം രൂപ ഫീസ് നിശ്ചയിക്കുകയുണ്ടായി. കേരള ഹൈക്കോടതി പറഞ്ഞതനുസരിച്ചാണ് അങ്ങനെ നിശ്ചയിച്ചത്. അഡ്മിഷന്റെ കാര്യത്തിൽ ഇടക്കാലത്ത് സുപ്രീംകോടതി ജഡ്ജുമെന്റ് വന്നതിന്റെയടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി അത് പരിശോധിക്കുകയും 75 ശതമാനം സീറ്റുകൾ മാനേജുമെന്റുകൾക്ക് അനുവദിക്കാനും 25 ശതമാനം സീറ്റ് ഗവൺമെന്റിന് നൽകാനുമാണ് തീരുമാനിച്ചത്. അതും റിസർവേഷൻ കാറ്റഗറിയിൽപ്പെട്ട ഒ.ബി.സി. വിഭാഗങ്ങളെ പരിഗണിക്കാതെയാണ് ഈ കാര്യം കോടതി തീരുമാനിച്ച് ഗവൺമെന്റിനെ അറിയിച്ചത്. ഗവൺമെന്റ് കൊണ്ടുവന്ന നയത്തിന്റെ ഭാഗമെന്ന നിലയ്ക്ക് 50 : 50 എന്ന അനുപാതം ഗവൺമെന്റ് അംഗീകരിക്കുകയുണ്ടായി. രണ്ട് സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളോ മെഡിക്കൽ കോളേജുകളോ ഉണ്ടായാൽ ഒരെണ്ണം ഗവൺമെന്റ് ഉടമയിൽ വരുമെന്ന ഒരു സ്ഥിതിവിശേഷമെന്ന് വ്യാഖ്യാനിച്ചുകൊണ്ടാണ് ഗവൺമെന്റ് ഈ പോളിസി സ്വീകരിച്ചത്. എന്നാൽ നിർഭാഗ്യമെന്നു പറയട്ടെ കഴിഞ്ഞ തവണ ഗവൺമെന്റ് ഇത് അംഗീകരിക്കാത്ത പശ്ചാത്തലത്തിൽ കോടതിയുടെ ജഡ്ജുമെന്റിന്റെ ഭാഗമായി മാനേജുമെന്റുകൾ 100 ശതമാനം സീറ്റുകളിലേയ്ക്കും അഡ്മിഷൻ നടത്തി. കാരക്കോണം മെഡിക്കൽ കോളേജ് ഗവൺമെന്റ് പറഞ്ഞതനുസരിച്ച് 50 ശതമാനം സീറ്റിലേയ്ക്ക് അഡ്മിഷൻ നടത്തി. അമൃത മെഡിക്കൽകോളേജ് 30 ശതമാനം സീറ്റ് അവർ എടുത്തു 70 ശതമാനം ഗവൺമെന്റിന് നൽകുകയും ചെയ്തു. പുഷ്പഗിരി മെഡിക്കൽ കോളേജ്, കോഴഞ്ചേരി മെഡിക്കൽ കോളേജ് മാനേജുമെന്റുകൾ 100 ശതമാനം സീറ്റിലും അവസാന ഘട്ടത്തിൽ അഡ്മിഷൻ നടത്തി. കേരളത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും ദൗർഭാഗ്യകരമായ ഒരു

LIBRARY ARCHIVES Kerala Legislative Assembly

സ്ഥിതിവിശേഷം ഇതുവഴിയുണ്ടായി. ഗവൺമെന്റിന് ഇക്കാര്യത്തിലുള്ള ഉത്തരവാദിത്വ നിർവ്വഹണത്തെ പല കോണുകളിൽ നിന്നും ചോദ്യംചെയ്യുകയാണ്. പക്ഷെ സത്യസന്ധമായി പറഞ്ഞാൽ ഗവൺമെന്റ് ഈ കാര്യത്തിലെടുത്ത നിലപാട് വളരെ വ്യക്തമാണ്. നേരത്തെയുണ്ടായിരുന്ന Unnikrishnan കേസിനെ base ചെയ്തുകൊണ്ട് T.M.A. Pai case-ൽ നമുക്കുണ്ടായ അനുകൂല സാഹചര്യമെന്നു പറയുന്നത് 50 : 50 സീറ്റുകൾ ആണ്. റിസർവേഷൻ അടക്കം കൊടുക്കുമായിരുന്നു. ടി.എം.എ. പൈ കേസിൽ വന്ന variations, reflections ഇവിടെ മാത്രമല്ല അയൽ സംസ്ഥാനങ്ങളായ കർണ്ണാടകയിലും, തമിഴ്നാട്ടിലും, ആന്ധ്രാപ്രദേശിലുമൊക്കെ ഉണ്ടായിട്ടുണ്ട്. അവിടങ്ങളിലും ഈ കാര്യത്തിൽ ഒരു അവസാന തീരുമാനമെടുക്കാൻ സാധിച്ചിട്ടില്ല. പക്ഷെ കേരളത്തിൽ ഗവൺമെന്റ് സ്റ്റാന്റെന്നു പറയുന്നത് വളരെ വ്യക്തമായി കോടതി പറഞ്ഞ 25 ശതമാനം സീറ്റുപോലും deny ചെയ്തുകൊണ്ട് സുപ്രീംകോടതിയിൽ S.L.P. ഫയൽ ചെയ്തു. കഴിഞ്ഞ മാർച്ചിനു മുൻപ്, വെക്കേഷനുമുൻപ് കേസ് വന്നു. അതിന് പ്രഗൽഭനായ അഡ്വക്കേറ്റ് ശ്രീ. വേണുഗോപാലനെയാണ് ഗവൺമെന്റ് നിശ്ചയിച്ചിരുന്നത്. ഇന്ന് ആ കേസ് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ വീണ്ടും വിചാരണയ്ക്ക് വരുകയാണ്. ഗവൺമെന്റ് 50:50 സീറ്റെന്ന സ്റ്റാന്റിൽ ഉറച്ചു നിൽക്കുകയാണ്. ടി.എം.എ. പൈ കേസിൽ രണ്ട് കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. profiteering-ഉം അതുപോലെ cross subsidisation-ഉം പാടില്ല. ഈ രണ്ട് മാനദണ്ഡങ്ങളാണ് മാനേജുമെന്റിന് അനുകൂലമായി വന്നതായി വ്യാഖ്യാനിച്ചിരിക്കുന്നത്. അതുപോലെതന്നെ ഇവിടെ local necessity പരിഹരിക്കാനും അതനുസരിച്ച് റഗുലേഷനുണ്ടാക്കാനും സംസ്ഥാനത്തെ അതാത് ഗവൺമെന്റുകൾക്ക് അധികാരമുണ്ടെന്നും ടി.എം.എ. പൈ കേസിൽ പറഞ്ഞിട്ടുണ്ട്. ആ ഒരുഭാഗം മനപ്പൂർവം, സൗകര്യപൂർവ്വം ഈ പറഞ്ഞ രണ്ട് മാനേജുമെന്റുകൾ മറച്ചു വയ്ക്കുകയും അതുമാനിക്കാതെ സീറ്റിന്റെയും അഡ്മിഷന്റെയും കാര്യത്തിൽ ഞങ്ങൾക്ക് കിട്ടിയ അവകാശമാണെന്ന രീതിയിൽ വ്യാഖ്യാനം ചെയ്തു. ഈയൊരു സ്ഥിതിവിശേഷമാണ് കേരളത്തിലുണ്ടായത്. ഇത് മറികടക്കുന്നതിന് ഗവൺമെന്റ് ശക്തമായ കാര്യങ്ങളെക്കുറിച്ച് ആലോചിക്കുന്നു. ഒന്ന്, S.L.P. file ചെയ്തു. രണ്ട് S.L.P. case തീരുമാനിക്കാൻ നീണ്ടുപോകുമെന്ന അവസ്ഥയാണെങ്കിൽ ആ കാര്യത്തിൽ ഈ സഭ പിരിയുന്നതിനുമുൻപ് ഒരു നിയമനിർമ്മാണം നടത്താനും ഗവൺമെന്റ് ഉദ്ദേശിക്കുകയാണ്. വളരെ പ്രക്ഷുബ്ധമായ ഒരന്തരീക്ഷം ഇതുമായി ബന്ധപ്പെട്ട് നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്നുണ്ട്. എല്ലാ വിദ്യാർത്ഥി സംഘടനകളും അതുപോലെ സാമൂഹ്യ മനസ്സാക്ഷിയുള്ള എല്ലാ ആളുകളും ഈ രണ്ട് മാനേജുമെന്റുകളുടെ പിടിവാശിയിൽ അമർഷം രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശമനുസരിച്ച് ക്യാബിനറ്റിൽ നമ്മൾ കൂടിയാലോചിച്ച ശേഷം ഒരു തീരുമാനമെന്നതിന്റെ ഭാഗമായി ഇന്നലെ ഞാനും ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയും ഈ രണ്ട് മാനേജുമെന്റുകൾക്കും നോട്ടീസയച്ച് അവരെ ഒരു ചർച്ചയ്ക്ക് വിളിക്കുകയുണ്ടായി. ഇതിനുമുൻപ് അവർ പറഞ്ഞിരുന്നത് ഗവൺമെന്റ് ചർച്ച ചെയ്യാൻ തയ്യാറായില്ല, ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

പിടിവാശി കാണിക്കുന്നു, ഏകപക്ഷീയമായ നിലപാടെടുക്കുന്നു എന്നൊക്കെയാണ്. അത് ശരിയല്ല. ചർച്ചയ്ക്ക് തയ്യാറാണ് എന്നതിന്റെ പേരിൽ അവരെ ചർച്ചയ്ക്ക് വിളിച്ചു. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടേയും കേരള യൂണിവേഴ്സിറ്റിയുടേയും കീഴിൽ പ്രവർത്തിക്കുന്ന നാല് കോളേജുകളിലെ മാനേജുമെന്റുകളെയാണ് വിളിച്ചത്. അതിൽ കോഴഞ്ചേരി മെഡിക്കൽ കോളേജിന്റേയും കാരക്കോണം മെഡിക്കൽ കോളേജിന്റേയും മാനേജുമെന്റുകൾ വന്നു ; അവർ അവരുടേതായ സ്റ്റാന്റ് വ്യക്തമാക്കി. ഏതായാലും ആദ്യം സംസാരിച്ചപ്പോൾ കാരക്കോണം മെഡിക്കൽ കോളേജിലെ മാനേജുമെന്റ് കഴിഞ്ഞ പ്രാവശ്യം അംഗീകരിച്ച 50 : 50 എന്ന സീറ്റിന്റെ കാര്യം അവർ എഗ്രി ചെയ്തു. കോഴഞ്ചേരി മെഡിക്കൽ കോളേജിന്റെ ഭാരവാഹികളും അഡ്മിഷന്റെ കാര്യത്തിൽ ഗവൺമെന്റിനോട് സഹകരിക്കാമെന്ന് പറഞ്ഞു. ഇതിലെ ഒരു പ്രശ്നമെന്നു പറയുന്നത് ഈ അടുത്ത കാലത്ത് ഗവൺമെന്റ് പുതുക്കി നിശ്ചയിച്ച നേരത്തെയുണ്ടായിരുന്ന ഒന്നര ലക്ഷം രൂപ ഫീസ് marginal increase നടത്തി 1.76 ലക്ഷം രൂപയാക്കി മാറ്റി. വർദ്ധിച്ച ഫീസു തന്നെയാണെന്ന് ഗവൺമെന്റിന് ബോദ്ധ്യമുണ്ട്, മുഖ്യമന്ത്രിയും പറഞ്ഞു. കോഴഞ്ചേരിയിലെ മാനേജുമെന്റ് പറയുന്നത് അത് പോരാ 3.77 ലക്ഷം രൂപ വേണമെന്നാണ്. മൂന്ന് ലക്ഷത്തി മുപ്പതിനായിരം രൂപ എന്നാണ് കാരക്കോണം മെഡിക്കൽ കോളേജിലെ മാനേജുമെന്റുകൾ പറഞ്ഞത്. ഫീസിന്റെ കാര്യത്തിൽ മാത്രമാണ് തർക്കം നിലനിൽക്കുന്നത്. പത്രങ്ങളിൽ അനുകൂലമായും പ്രതികൂലമായും വാർത്തകൾ വന്നിട്ടുണ്ട്.

ഡോ. കെ.സി. ജോസഫ് : ചർച്ചയ്ക്ക് വിളിച്ചപ്പോൾ മറ്റ് രണ്ട് കോളേജുകളിലെ മാനേജുമെന്റുകൾ വന്നില്ലേ ?

ശ്രീ. നാലകത്ത് സൂപ്പി : അവർ വന്നില്ല.

മി. സ്പീക്കർ : ഗവൺമെന്റ് ചർച്ചയ്ക്ക് വിളിച്ചാൽപോലും വരാത്ത മാനേജുമെന്റുകളെ കോളേജു നടത്താൻ അനുവദിക്കരുത്. അന്തസ്സുള്ള ഗവൺമെന്റാണെങ്കിൽ ചർച്ചയ്ക്ക് വിളിച്ചിട്ട് വരാത്തവരെ കോളേജ് നടത്താൻ അനുവദിക്കരുത്. അവരെ ജയിലിലിടാൻ വകുപ്പുണ്ടോയെന്ന് നോക്കണം.

ശ്രീ. നാലകത്ത് സൂപ്പി : അങ്ങയുടെ അഭിപ്രായം തന്നെയാണ് ഗവൺമെന്റിനുള്ളത്. അങ്ങ് പറഞ്ഞത് നൂറു ശതമാനവും ശരിയാണ്, അതിൽ തർക്കമില്ല.

മി. സ്പീക്കർ : ഈ സഭയുടെ മൊത്തത്തിലുള്ള വികാരം ഇതുതന്നെയാണ്. ഗവൺമെന്റ് പറഞ്ഞാൽ കേൾക്കാത്തവരെ ജയിലിലിടാൻ വകുപ്പുണ്ടോയെന്ന് നോക്കണം.

ശ്രീ. നാലകത്ത് സൂപ്പി : ഇതിനനുകൂലമായ ഒരു പുതിയ സാഹചര്യം ഇവിടെ വന്നിട്ടുണ്ട്. നമ്മുടെ അയൽ സംസ്ഥാനമായ കർണ്ണാടകയിൽ ഒരു നിയമനിർമ്മാണം കൊണ്ടുവന്നു. കർണ്ണാടക ഹൈക്കോടതി വളരെ വ്യക്തമായ ഒരു തീരുമാനമെടുത്തിരിക്കുകയാണ്. എയ്ഡഡ് കോളേജുകൾക്കും നോൺ-ഫിനാൻഷ്യൽ എയ്ഡഡ് കോളേജുകൾക്കും, സ്വാശ്രയ

LIBRARY ARCHIVES Kerala Legislative Assembly

കോളേജുകൾക്കും 25 ശതമാനം സീറ്റുകൾക്കേ അഡ്മിഷൻ കൊടുക്കാൻ അധികാരമുള്ളു. മൈനോറിറ്റി സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം 50 ശതമാനം പറഞ്ഞിട്ടുണ്ട്. അതുപോലെ ഫീസിന്റെ കാര്യത്തിലും മാനേജുമെന്റാണ് subsidise ചെയ്ത് കൊടുക്കേണ്ടതെന്നും പറഞ്ഞിട്ടുണ്ട്. അതിനെതിരായി കർണ്ണാടകയിൽ എഞ്ചിനീയറിംഗ് കോളേജുകളുടെ മാനേജുമെന്റുകളും, മെഡിക്കൽ കോളേജുകളുടെ മാനേജുമെന്റുകളും, ഡന്റൽ കോളേജുകളുടെ മാനേജുമെന്റുകളും, ഒന്നിച്ച് ഒരു consortium ഉണ്ടാക്കി. ഗവൺമെന്റ് തീരുമാനം എന്തുമായിക്കൊള്ളട്ടെ അത് ഞങ്ങൾക്ക് ബാധകമല്ല. ഞങ്ങൾ സ്വന്തമായി അഡ്മിഷൻ നടത്തും എന്ന് അവർ യോജിച്ചു തീരുമാനിച്ചു. അവർ കോടതിയിൽ പോയി. സുപ്രീംകോടതി അവരുടെ വാദം അംഗീകരിച്ചില്ല, സ്റ്റേ കൊടുത്തില്ല. അത് നമുക്ക് അനുകൂലമായ ഒരു സ്റ്റാന്റാണ്.

കഴിഞ്ഞ ദിവസം ചെന്നൈയിൽ പോയി അവിടത്തെ ഗവൺമെന്റുമായി ബന്ധപ്പെട്ടപ്പോൾ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾക്ക് നിർബന്ധമായും ഏകീകരണം വേണമെന്നുള്ള അഭിപ്രായമാണ് അവർക്കുള്ളത്. കോളേജുകളുടെയെല്ലാം അഫിലിയേഷൻ നടത്തുന്നത് യു.ജി.സി.ആണ്. യു.ജി.സി. ഇന്നലെ വളരെ വ്യക്തമായി ഒരു റഗുലേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അത് എല്ലാ അഫിലിയേറ്റഡ് കോളേജുകൾക്കും ബാധകമാണ്. 15 ശതമാനം സീറ്റുകൾക്കാണ് അർഹതയുള്ളത്. ബാക്കി 85% സീറ്റുകളുണ്ട്. മൈനോറിറ്റി ഇൻസ്റ്റിറ്റ്യൂഷൻസിന് 50% കൊടുക്കണമോ വേണ്ടയോ എന്നുള്ള കാര്യം ഗവൺമെന്റ് തീരുമാനിക്കട്ടെ, അതിന് ഗവൺമെന്റിന് അധികാരം തന്നിരിക്കുകയാണ്. അതു മാത്രമല്ല കോമൺ എൻട്രൻസ് ലിസ്റ്റിൽനിന്നും മാത്രമേ അഡ്മിഷൻ നടത്താൻ പാടുള്ളൂ. ഫീസ് സ്ട്രക്ച്ചർ ഉണ്ട്. അതു മാത്രമേ വാങ്ങിക്കാൻ പാടുള്ളൂ എന്നൊക്കെ പറഞ്ഞ് വളരെ നല്ല രീതിയിൽ യു.ജി.സി. ഇന്നലെ ഒരു റഗുലേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. ഇന്നലെ നടന്ന ചർച്ചയിൽ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയും ഞാനും മാനേജുമെന്റുകളെ ബോദ്ധ്യപ്പെടുത്തുകയുണ്ടായി. അത് ഇന്ന് പത്രങ്ങളിൽ വരികയും ചെയ്തു. ഇവിടെ ഗവൺമെന്റിന് ചെയ്യാവുന്ന രണ്ട് മാർഗ്ഗങ്ങളുണ്ട്. ഒന്ന്, യു.ജി.സി. റഗുലേഷൻ അനുസരിച്ച് സ്ട്രിക്ടായിട്ട് പോകണം. ഇത് പാലിക്കാത്ത കോളേജുകളുടെ അംഗീകാരം പിൻവലിക്കാൻ യൂണിവേഴ്സിറ്റികൾക്ക് നിർദ്ദേശം കൊടുക്കാം. മറ്റൊരു കാര്യം, ഈ സഭയിൽത്തന്നെ നിയമനിർമ്മാണം കൊണ്ടുവരാനാണ് ഗവൺമെന്റ് ആലോചിക്കുന്നത്. ഈ കാര്യത്തിൽ 10-ാം തീയതി ക്യാബിനറ്റിൽ തീരുമാനമെടുക്കുമെന്ന് ഈ സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്. അതേതുടർന്നുണ്ടായ വളരെ നിർഭാഗ്യകരമായ കാര്യം സമരമാണ്. അതിൽ ഒരു പരിധിവരെ രാഷ്ട്രീയമൊന്നുമില്ല. അതിന്റെ പേരിൽ നടക്കുന്ന സമരം എക്സസ് ആയാലും പോലീസ് ആക്ഷൻ എക്സസ് ആയാലും ആ രണ്ട് കാര്യങ്ങളിലും ഗവൺമെന്റ് യോജിക്കുന്നില്ല. വിദ്യാർത്ഥി സുഹൃത്തുക്കൾ ഇക്കാര്യത്തിൽ 10-ാം തീയതിവരെ ക്ഷമിക്കണം. ഞങ്ങൾ ചർച്ച ചെയ്ത് യു.ജി.സി. റഗുലേഷൻ നടപ്പാക്കുന്ന കാര്യത്തിൽ തീരുമാനമുണ്ടാക്കും. സമരത്തെ അടിച്ചമർത്തുന്ന സ്വഭാവം ഗവൺമെന്റ് സ്വീകരിച്ചതല്ല. നിർഭാഗ്യകരമായ സംഭവത്തിൽ ഗവൺമെന്റിന് ഖേദമുണ്ട് എന്നുകൂടി ഈ

LIBRARY ARCHIVES Kerala Legislative Assembly

സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്. ഇത് സംസ്ഥാനത്തിന്റെ മൊത്തമായ പ്രശ്നമായി എടുക്കണം. ഇതിനെ രാഷ്ട്രീയമായി കാണാതെ, വിദ്യാർത്ഥികളുടെ ഭാവിയെ കണക്കാക്കിക്കൊണ്ട് ഒരു പൊതു തീരുമാനത്തിലേയ്ക്ക് നിങ്ങൾ വരണം. ഗവൺമെന്റ് ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നടപടികളിലേയ്ക്ക് ആത്മാർത്ഥമായി സഹകരിക്കാൻ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാക്കൻമാരും സംഘടനകളും തയ്യാറാകണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്. അതുകൊണ്ടുതന്നെ അടിയന്തിര പ്രമേയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, നിസ്സഹായനായ ഒരു വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ദീനരോദനമാണ് ഇപ്പോൾ കേട്ടത്. ഈ ദീനരോദനം കഴിഞ്ഞ ഒരു വർഷം മുമ്പ് കേട്ടതാണ്. അന്ന് വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞ അതേ കാര്യം വള്ളിപുള്ളി വിസർഗ്ഗം വിടാതെ അതേപോലെ ഇത്തവണയും ആവർത്തിച്ചിരിക്കുകയാണ്. ഞാൻ ഈ അടിയന്തിര പ്രമേയം കൊണ്ടുവരാനുള്ള പ്രധാന കാരണം, ഇന്നലെ ബഹുമാനപ്പെട്ട രണ്ടു മന്ത്രിമാർ സ്വാശ്രയ മെഡിക്കൽ കോളേജുകൾ നടത്തുന്ന മാനേജുമെന്റുകളെ വിളിച്ച് ചർച്ച ചെയ്തപ്പോൾ അവർ സ്വീകരിച്ച സമീപനമെന്നു പറയുന്നത് കേരളത്തിലെ ജനങ്ങളോടുള്ള ഒരു വെല്ലുവിളിയാണ്. സംസ്ഥാന ഗവൺമെന്റ് ചർച്ചയ്ക്ക് വിളിച്ചിട്ട് പുഷ്പഗിരി മെഡിക്കൽ കോളേജിലെ മാനേജുമെന്റ് വന്നതുപോലുമില്ല. കാരക്കോണം, കോഴഞ്ചേരി മെഡിക്കൽ കോളേജുകളിലെ പ്രതിനിധികൾ പറഞ്ഞത് ഈ ഗവൺമെന്റിന്റെ തീരുമാനം അംഗീകരിക്കുന്നില്ലെന്നാണ്. അത് പറയാൻ എങ്ങനെ അവർക്ക് ധൈര്യമുണ്ടായി ? ഇവിടെ ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചു, കോഴഞ്ചേരിക്കാർ 3,70,000 രൂപയും കാരക്കോണത്തുകാർ 3,30,000 രൂപയും ഫീസ് നിശ്ചയിക്കണമെന്ന് ആവശ്യപ്പെടുകയുണ്ടായി എന്ന്. ഗവൺമെന്റ് നിശ്ചയിച്ചത് 1,76,000 രൂപയാണ്. ഇത് അംഗീകരിക്കുകയില്ലെന്നു പറയാൻ മാനേജുമെന്റിന് ധൈര്യം കിട്ടിയത് നിയമ നിർമ്മാണം നീണ്ടുപോയതുകൊണ്ടല്ലേ ? ബോധപൂർവം മാനേജുമെന്റും ഗവൺമെന്റും തമ്മിൽ ഒത്തുകളിക്കുകയല്ലേ ? മാനേജുമെന്റും വിദ്യാഭ്യാസ വകുപ്പുമന്ത്രിയും കൂടി കള്ളനും പോലീസും കളിക്കുകയാണ്. ഈ കളി നിങ്ങൾ അവസാനിപ്പിക്കണം. കേരളത്തിലെ ജനങ്ങളെ നിങ്ങൾ ഇനിയും പറ്റിക്കരുത്. ഇവിടെ നിയമ നിർമ്മാണത്തിനുപറ്റിയ എല്ലാ സാഹചര്യവുമുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. സുപ്രീം കോടതി വിധിയുടെ കാര്യം പറഞ്ഞുകൊണ്ടായിരുന്നു നീട്ടിക്കൊണ്ടുപോയത്. കർണ്ണാടക ഗവൺമെന്റ് നമുക്ക് മാതൃക കാണിച്ചു. കർണ്ണാടക ഗവൺമെന്റ് 75% മെരിറ്റ് സീറ്റ് നിശ്ചയിച്ചു എന്നു മാത്രമല്ല അവിടെ ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന ഫീസ് കേരളത്തേക്കാൾ കുറവാണ്. അവിടെ 122000 വിദ്യാർത്ഥികൾ മാത്രമേയുള്ളൂ. ആന്ധ്ര ഗവൺമെന്റും ഇതു സംബന്ധിച്ച് തീരുമാനമെടുത്തു. 50% മെറിറ്റ് സീറ്റ് അവിടെ നിശ്ചയിച്ച ഫീസ് 55,000 രൂപയാണ്. ഇത് എന്തുകൊണ്ട് ഇവിടുത്തെ മെഡിക്കൽ കോളേജുകളോട് പറയാൻ നിങ്ങൾക്ക് കഴിഞ്ഞില്ല ? ഇവിടുത്തെ മെഡിക്കൽ കോളേജുകളിൽ ഇപ്പോഴും പ്രശ്നമാണ്. സ്വാശ്രയ മെഡിക്കൽ കോളേജുകളിലേയ്ക്കുള്ള പ്രവേശനം അടുത്തയാഴ്ച ആരംഭിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

പോകുകയാണ്. ഈ തീരുമാനം വെള്ളിയാഴ്ചയ്ക്കുള്ളിൽ എടുക്കുന്നില്ലെങ്കിൽ സ്വകാര്യ സ്വാശ്രയ മാനേജുമെന്റുകൾക്ക് ഏഴര കോടി രൂപയാണ് ലാഭം കിട്ടാൻ പോകുന്നത്. തീരുമാനമെടുക്കുമ്പോൾ ഒരാഴ്ച മാറ്റിനിർത്തിയാൽ ഏഴര കോടി രൂപ അവർക്ക് കിട്ടും. വിദ്യാർത്ഥികളെ സംബന്ധിച്ച് മറ്റൊരു പ്രശ്നമുള്ളത്, അവർക്ക് ഓപ്ഷൻ കൊടുക്കാനുള്ള അവസാന തീയതി ജൂലൈ മാസം 13 ആണ്. ഫീസിന്റെ കാര്യത്തിൽ തീരുമാനമെടുക്കാൻ താമസിച്ചാൽ, ഇപ്പോൾ വെറ്ററിനറി കോളേജിലും ഹോമിയോ കോളേജിലുമായി സർക്കാർ ക്വാട്ടയിൽ പ്രവേശനം നൽകിയ വിദ്യാർത്ഥികൾക്ക് ഹയർ ഓപ്ഷൻ നൽകാൻ സാധിക്കാതെ വരും. ഈ വിദ്യാർത്ഥികൾക്ക് സാധാരണഗതിയിൽ മെരിറ്റ് പ്രകാരം കിട്ടാനുള്ള സാഹചര്യമാണ് ഇല്ലാതാകാൻ പോകുന്നത്. ഇവിടെ വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞതുപോലെയുള്ള നിലപാട് സ്വീകരിച്ചതുകൊണ്ട് ഈ പ്രശ്നത്തിന് യാതൊരുതരത്തിലുള്ള പരിഹാരവും ഉണ്ടാകുകയില്ല. മാനേജുമെന്റുകൾ നമ്മെ വെല്ലുവിളിക്കുമ്പോൾ നമ്മൾ നോക്കിനിൽക്കുന്നു. കഴിഞ്ഞ പ്രാവശ്യവും വെല്ലുവിളിച്ചു. നമ്മൾ കണ്ണുചിമ്മി. അതിന്റെ ഫലമായി മാനേജുമെന്റുകൾക്ക് അന്ന് കോടികൾ കിട്ടി. ഇത്തവണ ഇനിയും മാനേജുമെന്റുകൾക്ക് കോടികൾ കിട്ടാനുള്ള അവസരമാണ് ഗവൺമെന്റ് ഉണ്ടാക്കിക്കൊടുക്കാൻ പോകുന്നത്. നിയമനിർമ്മാണം നടത്താമെന്ന് മന്ത്രി പറഞ്ഞ സാഹചര്യത്തിൽ എപ്പോൾ നടത്തുമെന്നാണ് ഞങ്ങൾക്ക് അറിയേണ്ടത്. ഞങ്ങൾ നിയമനിർമ്മാണത്തോട് പൂർണ്ണമായി യോജിക്കുകയാണ്. 15% മാത്രമേ മാനേജുമെന്റ് ക്വാട്ട കൊടുക്കുകയുള്ളൂവെന്ന് യു.ജി.സി. പറയുന്നു. അതിനു വിരുദ്ധമായിട്ട് കഴിഞ്ഞ വർഷം പുഷ്പഗിരി കോളേജും കോഴഞ്ചേരി കോളേജും 100% സീറ്റിൽ പ്രവേശനം നടത്തിയ സാഹചര്യത്തിൽ ആ രണ്ട് കോളേജുകളുടേയും അഫിലിയേഷൻ പിൻവലിച്ചിരുന്നുവെങ്കിൽ ഇത്തവണ അവർ വിളിക്കുന്നിടത്ത് വരുമായിരുന്നു. എന്തുകൊണ്ട് നിങ്ങൾ അത് ചെയ്തില്ല ? ഇവിടെ സമരം ചെയ്യുന്ന വിദ്യാർത്ഥികളെ കൈവിലങ്ങുവച്ച് കോടതിയിൽ കൊണ്ടുപോകുന്നു. ഈ മാനേജുമെന്റുകളെയല്ലേ കൈവിലങ്ങ് വയക്കേണ്ടത് ? അത് ചെയ്യുന്നതിനു പകരം വിദ്യാർത്ഥി പ്രവർത്തകരെ, എസ്.എഫ്.എ., എ.ഐ.എസ്.എഫ്. നേതാക്കൻമാരെ കൈവിലങ്ങുവച്ച് കോടതിയിൽ കൊണ്ടുപോകുന്നു. ആ മാനേജുമെന്റുകളെ തൊടാൻ ധൈര്യമില്ലാത്ത ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ഗവൺമെന്റും വിദ്യാർത്ഥികൾക്ക് എതിരെ ക്രൂരമായ മർദ്ദനമാണ് അഴിച്ചുവിടുന്നത്.

ഞങ്ങൾ സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾക്ക് എതിരായിരുന്നു. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും ഈ സഭയ്ക്ക് ഒരു ഉറപ്പു നൽകുകയുണ്ടായി. ഞങ്ങൾ പ്രതിഷേധം പ്രകടിപ്പിച്ചപ്പോൾ, "രണ്ട് സ്വാശ്രയ കോളേജുകൾക്കു സമം ഒരു ഗവൺമെന്റ് കോളേജ്, നിങ്ങൾ എന്തിനാണ് എതിർക്കുന്നതെന്ന്" മുഖ്യമന്ത്രി ചോദിച്ചപ്പോൾ കേരളത്തിന്റെ മനസ്സ് ഇതിനോട് അനുകൂലമായി മാറി. കേരളത്തിന്റെ മനസ്സ് അനുകൂലമായി മാറിയപ്പോഴാണ് സ്ഥിതി മാറുന്നത്. ഇപ്പോൾ 50% മെരിറ്റും പോയി 50% ഫ്രീ സീറ്റും പോയി. 8,000 രൂപ ഫീസ് കൊടുത്തുകൊണ്ട് 50% കുട്ടികൾക്ക് പ്രവേശനം കിട്ടേണ്ട സ്ഥാനത്ത് ഇപ്പോൾ 1,76,000 രൂപയായി വർദ്ധിപ്പിച്ചു. ഇത് എന്ത്

LIBRARY ARCHIVES Kerala Legislative Assembly

അനൃായമാണ്. പുഷ്പഗിരി കോളേജ് മാനേജുമെന്റിന് വിദ്യാഭ്യാസ വകുപ്പുമന്ത്രിയെ യാതൊരു വിലയുമില്ല. ആ മാനേജുമെന്റ് പറയുന്നത് ഞങ്ങൾ എന്തിനു പേടിക്കണം, ഞങ്ങൾ വിദ്യാഭ്യാസ വകുപ്പു മന്ത്രിക്ക് ദ്രോണാചാര്യ അവാർഡും കൊടുത്ത് ശരശയ്യയിൽ കിടത്തും. കോഴഞ്ചേരി കോളേജ് മാനേജുമെന്റ് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് ദ്രോണാചാര്യ അവാർഡ് കൊടുക്കാൻ പോകുന്നു.

മി. സ്പീക്കർ : അവരാണ് തന്നതെങ്കിൽ, you must refuse that award.

ശ്രീ.കോടിയേരി ബാലകൃഷ്ണൻ : ആ അവാർഡ് വലിച്ചെറിയണം. കഴിഞ്ഞ വർഷം ഈ പ്രശ്നം നിയമസഭയിൽ ചർച്ച ചെയ്തപ്പോൾ അങ്ങ് ചെയറിലിരുന്നുകൊണ്ട് പറഞ്ഞതുപോലെ രണ്ട് വാചകം ഇവരോട് പറയാൻ ഗവൺമെന്റ് തയ്യാറായിരുന്നുവെങ്കിൽ ഇവർ അനുസരിക്കും. ഇവിടത്തെ പ്രശ്നം ഈ ആഴ്ചതന്നെ അടിയന്തിരമായി നിയമനിർമ്മാണം നടത്തണം, നീട്ടിക്കൊണ്ടുപോകരുത്. 13-ാം തീയതിക്കുമുമ്പ് തീരുമാനമെടുക്കണം. വേണമെങ്കിൽ ഇന്നുതന്നെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ഗവൺമെന്റും പ്രതിപക്ഷവുമായി ചർച്ച ചെയ്യണം. ഞങ്ങൾ ചർച്ചയ്ക്ക് തയ്യാറാണ്. ബില്ലിനകത്ത് വരേണ്ട ക്ളോസ്സുകളെ സംബന്ധിച്ച് നമുക്ക് യോജിച്ച് ധാരണയിലെത്താം. അതിന്റെ അടിസ്ഥാനത്തിൽ വെള്ളിയാഴ്ച തന്നെ ബിൽ അവതരിപ്പിച്ച് പാസ്സാക്കിയെടുക്കാൻ കഴിഞ്ഞാൽ കേരളം ഇൻഡ്യയ്ക്ക് മാതൃകയാകും. അവിടെയാണ് അഭിപ്രായ സമന്വയം കാണിക്കേണ്ടത്. പുഷ്പഗിരി കോളേജ് മാനേജുമെന്റും കോഴഞ്ചേരി കോളേജ് മാനേജുമെന്റും "നിങ്ങൾ നമുക്ക് പുല്ലാണെടോ" എന്ന് വെല്ലുവിളിക്കുകയാണ്. കേരളത്തിലെ മൂന്നുകോടി ജനങ്ങളെ വെല്ലുവിളിച്ചിട്ട് നോക്കിനിൽക്കുന്ന ഈ ഗവൺമെന്റ് എന്തിനാണ് ഈ സംസ്ഥാനം ഭരിക്കുന്നത് ? വിദ്യാഭ്യാസ വകുപ്പുമന്ത്രി മാന്യതയുള്ള ആളാണെങ്കിൽ മന്ത്രിസ്ഥാനം രാജി വയ്ക്കണം. എന്തിനാണ് കഴിവില്ലാതെ മന്ത്രിക്കസേരയിൽ ചടഞ്ഞുകൂടിയിരിക്കുന്നത് ? ആരോഗ്യ വകുപ്പുമന്ത്രിയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയും കൂടി ചർച്ച ചെയ്തിട്ട് ചായയും ബിരിയാണിയും കൊടുത്ത് വിട്ടു. കോളേജ് കൊടുക്കുന്നതിന് ഒരു കട്ടൻ ചായ പോലും വാങ്ങിയിട്ടില്ലെന്ന് പറഞ്ഞിട്ട് അവർക്ക് അങ്ങോട്ട് ബിരിയാണി. കേരളത്തിൽ എന്താണ് നടന്നുകൊണ്ടിരിക്കുന്നത് ? ഇങ്ങനെ പോയാൽ നിയമസഭ എന്തിനാണ് ? നിയമസഭ ഒന്നുചേർന്ന് അഭിപ്രായം പ്രകടിപ്പിച്ചിട്ട് നിയന്ത്രിക്കാൻ സാധിക്കുന്നില്ല. മാനേജുമെന്റ് കൊള്ളയടിക്കുകയാണ്. ഒരാഴ്ച കണ്ണു ചിമ്മിയാൽ മാനേജുമെന്റിന് ഏഴരക്കോടി രൂപ. അതുകൊണ്ട് ഈ 13-ാം തീയതിക്കുള്ളിൽ തീരുമാനം എടുക്കണം. തീരുമാനം നീട്ടിക്കൊണ്ടുപോയാൽ അതിന്റെയർത്ഥം ആ മാനേജുമെന്റിൽ നിന്നും നിങ്ങൾ കട്ടൻ ചായയല്ല വേറെ എന്തോ വാങ്ങുന്നു എന്നുള്ള സ്ഥിതിഗതികൾ ഈ കേരളം മനസ്സിലാക്കും. അതിന് ഇടയാകാത്ത വിധത്തിൽ അടിയന്തിരമായി നിയമനിർമ്മാണം കൊണ്ടു വരണം. മറ്റു സംസ്ഥാനത്ത് ഉണ്ടായ കാര്യങ്ങൾ പരിശോധിക്കണം. ഈ കേരളത്തെ വെല്ലുവിളിക്കാൻ പ്രൊഫഷണൽ മാനേജുമെന്റുകളെ അനുവദിക്കരുത്. അതിനെ വെല്ലുവിളിക്കാൻ വിദ്യാർത്ഥികൾ ഇന്ന്

LIBRARY ARCHIVES Kerala Legislative Assembly

സമരത്തിലാണ്. ഇന്ന് കേരളത്തിലെ താലൂക്ക് ഓഫീസുകൾ മുഴുവൻ പിക്കറ്റിംഗ് ആണ്. വിദ്യാഭ്യാസ മന്ത്രി പറയുന്നു, മന്ത്രിയെ വിദ്യാർത്ഥികൾ തടയുന്നുവെന്ന്. പോലീസ് വിദ്യാർത്ഥികളെ തല്ലുന്നു. വിദ്യാർത്ഥികൾക്ക് എല്ലാ സ്ഥലത്തുനിന്നും അടി, ഇടി. എസ്.എഫ്.ഐ യുടെ അഖിലേന്ത്യാ സെക്രട്ടറി മുരളീധരനേയും സംസ്ഥാന പ്രസിഡന്റ് ബിജുവിനേയും കൈവിലങ്ങ് വച്ചുകൊണ്ട് പോയി. കോൺട്രാക്ടർമാർ വീശി നടക്കുകയാണ്. പെൺകുട്ടികളെ ഇടിക്കുന്നു. വിദ്യാർത്ഥി പ്രവർത്തകരെ പോലീസ് കൈവിലങ്ങ് വയ്ക്കുന്നു. ഇത് വളരെയധികം വിഷമമുള്ള കാര്യമാണ്. സുപ്രീംകോടതി നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഇങ്ങനെ ചെയ്യാൻ പോലീസിന് എങ്ങനെ ധൈര്യം കിട്ടി ? ഇതെല്ലാം മാനേജുമെന്റുകൾക്ക് വളരെ സൗകര്യമായി. അവർ വിദ്യാർത്ഥികളോട് പറയുന്നത് നിങ്ങൾക്ക് വിദ്യാർത്ഥി സംഘടനാ പ്രവർത്തനം വേണ്ട, കെ.എസ്.യു.-വും വേണ്ട, എസ്.എഫ്.ഐ.-യും വേണ്ട, വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ എം.എസ്.എഫും വേണ്ട എന്നാണ്. എല്ലായിടത്തും നിരോധനം. കോളേജ് മാനേജുമെന്റ് തോന്നുന്നതുപോലെ ചെയ്യാൻ തുടങ്ങി. ഇതെല്ലാം തന്നെ മാനേജുമെന്റിന് ജനങ്ങളെ വെല്ലുവിളിക്കാനും കോഴ വാങ്ങാനുമുള്ള അവസരമാണ് ഒരുക്കിക്കൊടുക്കുന്നത്. ഇതിനു മുന്നിൽ നമ്മൾ കീഴടങ്ങണോ ? ഈ അടിയന്തിര സാഹചര്യം പരിഗണിച്ചുകൊണ്ട് പെട്ടെന്ന് ഒരു നിയമനിർമ്മാണം കൊണ്ടു വരാൻ ഈ സഭ തയ്യാറാകണം. അതുകൊണ്ട് ഇത് സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്ത് ഇന്ന് തന്നെ അതിനെ സംബന്ധിച്ചുള്ള ഒരു തീരുമാനം എടുക്കണം. അതിന് ബഹുമാനപ്പെട്ട ചെയർ മുൻകൈയെടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) : സർ, ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ സൂചിപ്പിച്ച കാര്യങ്ങളെ സംബന്ധിച്ച് ഞാൻ മറുപടി പറയാം. ദ്രോണാചാര്യ അവാർഡാണ് എനിക്ക് കിട്ടിയത്. എന്തായാലും ശരശയ്യയിൽ കിടന്നത് ദ്രോണാചാര്യർ അല്ല ഭീഷ്മാചാര്യർ ആണ്. അത് തെറ്റിപ്പോയി. ആ അവാർഡ് എത്രയോ മുൻപാണ് കിട്ടിയത്. ഈ മാനേജുമെന്റുകളല്ല തന്നത്. കാര്യങ്ങളുടെ ഗൗരവം കുറച്ചു കാണരുത് എന്നാണ് എനിക്ക് ശ്രീ. കോടിയേരി ബാലകൃഷ്ണനോട് പറയാനുള്ളത്. അങ്ങ് പ്രകടിപ്പിച്ച വികാരം ഉൾക്കൊള്ളുന്നു.

ഇവിടെ കർണ്ണാടക എഞ്ചിനിയറിംഗ്/മെഡിക്കൽ കോളേജുകളുടെ ഫീസിന്റെ കാര്യം പറഞ്ഞു. 1,90,000 രൂപയാണ് ജനറൽ കാറ്റഗറിയിൽ നിശ്ചയിച്ചിട്ടുള്ളത്. റിസർവ്ഡ് കാറ്റഗറിയിൽ 37,000 രൂപയാണ്. അതുപോലെ ഡന്റൽ കോഴ്സുകൾക്കാണെങ്കിൽ 1,10,000 രൂപയും റിസർവ്ഡ് കാറ്റഗറിയിൽ 22,000 രൂപയുമാണ്. എഞ്ചിനിയറിംഗ് കോഴ്സുകൾക്ക് ജനറൽ കാറ്റഗറിയിൽ 36,000 രൂപയും റിസർവ്ഡ് കാറ്റഗറിയിൽ 7,200 രൂപയുമാണ്. ഇതിൽ തന്നെ കോളേജുകൾ സബ്സിഡൈസ്ഡ് ചെയ്തു കൊടുക്കണമെന്ന് പറയുന്നുണ്ട്. സീറ്റിന്റെ കാര്യത്തിൽ നേരത്തെ ബഹുമാനപ്പെട്ട അംഗം എന്റെ ശ്രദ്ധയിൽപ്പെടുത്തിയതുപോലെ റിസർവ്ഡ് കാറ്റഗറി സീറ്റ് പറയുന്നുണ്ട്. നോൺ മൈനോരിറ്റി പ്രൊഫഷണൽ കോളേജുകൾക്ക് 25 ശതമാനവും

LIBRARY ARCHIVES Kerala Legislative Assembly

കർണ്ണാക കാന്റിഡേറ്റ്സിന് 40 ശതമാനവും നോൺ കർണ്ണാടക കാന്റിഡേറ്റ്സിന് 10 %വുമാണ് വച്ചിട്ടുള്ളത്. അതിൽ കർണ്ണാടകത്തിന് ടോട്ടൽ 25 % മാനേജുമെന്റ് എക്സ്ക്ലൂസീവ്‌ലി അത്രയേയുള്ളൂ. അൺ എയിഡഡ് മൈനോരിറ്റി ഇൻസ്റ്റിറ്റ്യൂഷനിലാണെങ്കിൽ കർണ്ണാടക കാന്റിഡേറ്റ്സിന് 25%. റിസർവ്ഡ് കാന്റിഡേറ്റ്സിന് 25%. ടോട്ടൽ 50 %. മാനേജുമെന്റിന് 50 %. ഇതാണ് അംഗീകരിച്ച പാറ്റേൺ. അതിനെ സംബന്ധിച്ച് സുപ്രീം കോടതി ഇടപെട്ടില്ല. ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ പറഞ്ഞതുപോലെ സ്വീകരിക്കാവുന്ന ഒരു പാറ്റേൺ ആണ് ഇത്. ഇവിടെ നിയമനിർമ്മാണം നടത്തുമെന്ന് പറഞ്ഞു. യൂണിഫൈഡ് ആയിട്ട് അതിനകത്ത് പ്രത്യേക ചാർട്ടും ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രൊഫഷണൽ കോളേജുകളുടെ കൺട്രോളിംഗ് ഉണ്ട്. അതിന് യൂണിഫൈഡ് ആയിട്ട് നിയമസഭയിൽ നിയമം കൊണ്ടുവന്ന് പാസ്സാക്കാമെന്ന് വച്ചതാണ്. അടുത്ത ദിവസം തന്നെ അതിവിടെ പ്ലെയിസ് ചെയ്യും. അതുവേണോ, അതല്ല അതിനുമുൻപ് സെപ്പറേറ്റായിട്ട് നിയമം കൊണ്ടുവരണമോ എന്നതിനെ സംബന്ധിച്ചിടത്തോളം 10-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൂടി വന്നതിനുശേഷം ക്യാബിനറ്റ് യോഗത്തിൽ വിശദമായി ആലോചിച്ച് തീരുമാനിക്കാം. അതാണ് അതിനെക്കുറിച്ച് പറയാനുള്ളത്. കഴിഞ്ഞ ദിവസം നിയമസഭയിൽ ചർച്ച വന്നപ്പോൾ ഈ കോളേജുകളെ ഒന്നും ഞങ്ങൾ പ്രവർത്തിക്കാൻ അനുവദിക്കില്ല എന്ന് പറഞ്ഞതാണ്. ഗവൺമെന്റിന്റെ ഉദ്ദേശശുദ്ധിയെ സമരം കൊണ്ടൊന്നും ചോദ്യം ചെയ്യാൻ ഒക്കില്ല. ഞാൻ ആവർത്തിക്കുന്നു, ഈ സംസ്ഥാനത്തിന്റെ ഭാവിയുടെ കാര്യത്തിൽ ഉറച്ച നിലപാട് ഈ ഗവൺമെന്റിനുണ്ട്. അത് ഞങ്ങൾ 10-ാം തീയതി ക്യാബിനറ്റ് കൂടി തീരുമാനിച്ച് പ്രഖ്യാപിക്കുകയും ചെയ്യും. അതാണ് ഈ സഭയിൽ എനിക്ക് പറയാനുള്ളത്. അതിന്റെ പേരിൽ സഭ നിർത്തി വച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല എന്ന് ബഹുമാനപൂർവ്വം ഞാൻ അറിയിക്കുന്നു.

മി. സ്പീക്കർ : ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് ഞാൻ സമയം അനുവദിക്കാം. ഇതിന്റെ പേരിൽ വാക്കൗട്ടിന്റെ ആവശ്യമില്ല. ഇത് സഭയുടെ പൊതു വികാരമാണ്. ഇത് നടന്നില്ലെങ്കിൽ ഇവിടെ ചർച്ച ചെയ്യുന്നതിനുള്ള അവസരം തരാം. ഗവൺമെന്റ് പറയുന്നത് കേൾക്കാതെ ഇവിടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്താൻ പാടില്ല. അത് ഗവൺമെന്റ് കൺട്രോൾ ചെയ്യുക തന്നെ ചെയ്യും. നമ്മൾ ഒറ്റക്കെട്ടായി അതിന്റെ പിന്നിൽ നിൽക്കണം എന്നാണ് എന്റെ അഭിപ്രായം.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, ബഹുമാനപ്പെട്ട സ്പീക്കറുടെ റിക്വസ്റ്റ് വളരെ ബഹുമാനപൂർവ്വം തന്നെ ഞങ്ങൾ പരിഗണിക്കുന്നു. എന്നാൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇപ്പോഴും ഉരുണ്ടു കളിക്കുകയാണ്. കുട്ടികൾക്കുള്ള ഓപ്ഷൻ തീയതി ഈ മാസം 13 ആണ്. 13-ന് മുൻപായിട്ട് നിയമം കൊണ്ടു വരുമോ ഇല്ലയോ എന്ന് ഉറപ്പിച്ചു പറയുന്നില്ല. ഉറപ്പിച്ചു പറയാതിരിക്കുന്നതിന്റെ ഫലമായിട്ട് മാനേജുമെന്റുകൾക്ക് കോടികൾ കഴിഞ്ഞ കൊല്ലത്തെപ്പോലെ കിട്ടുകയാണ്. അതുകൊണ്ട് രണ്ട് മന്ത്രിമാർ വിളിച്ചുകൂട്ടിയ കോൺഫറൻസിൽ ധിക്കാരപരമായി.....

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) : കൗൺസിലിംഗ് മാറ്റി വയ്ക്കുന്ന കാര്യം ഗവൺമെന്റ് തീരുമാനിക്കും. ഇനി അഡ്മിഷന്റെ തീരുമാനവും ഫീസിന്റെ തീരുമാനവും ആയതിനു ശേഷമേ കൗൺസിലിംഗ് നടക്കൂ എന്ന രീതിയിൽ ഡേറ്റ് മാറ്റി വയ്ക്കാം.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : അത് മാറ്റുന്നത് ഏതായാലും നല്ലത് തന്നെയാണ്. എന്നാൽ അതിനുള്ളിൽ നിയമം കൊണ്ടു വരുമോ എന്നുള്ളതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കിയിട്ടില്ല. നിങ്ങൾ ഇപ്പോൾ ഉണ്ടാക്കിയിരിക്കുന്ന സമീപനത്തിന്റെ ഫലമായി സംസ്ഥാനത്തെ സ്വാശ്രയ കോളേജും എഞ്ചിനിയറിംഗ് കോളേജും മെഡിക്കൽ കോളേജും നടത്തിക്കൊണ്ടിരിക്കുന്ന മാനേജുമെന്റുകൾക്ക് ഏറ്റവും ധിക്കാരം കാണിക്കുന്ന ഒരു അവസരമാണ് വളർത്തിക്കൊണ്ടു വരുന്നത്. ഒരു വശത്ത് അന്യായമായ ഫീസ് വർദ്ധനവിനെതിരായി മാസങ്ങളായി സമരം നടത്തിക്കൊണ്ടിരിക്കുന്നു. വിദ്യാർത്ഥികളെ നിങ്ങൾ പട്ടിയെ തല്ലുന്നതുപോലെ തല്ലി ചതക്കുകയാണ്. എന്നിട്ട് നിങ്ങൾ അതിനെ ന്യായീകരിക്കുകയാണ്. മാനേജർമാർക്ക് എത്ര സന്തോഷമായി ? അവർക്കെതിരായി ഒരു തുരുമ്പു പോലും എടുത്തെറിയാൻ നിങ്ങൾക്ക് കഴിയില്ല. ശക്തമായ നിലയിൽ ഇറങ്ങിപ്പോകുമ്പോൾ അവർ വാതിൽ കടക്കുന്നതിനു മുൻപ് ഒരാഴചയെങ്കിലും അവരെ പിടിച്ച് അകത്തിടാനുള്ള ധൈര്യം കാണിക്കാൻ നിങ്ങൾക്ക് പാടില്ലായിരുന്നോ ? ആ ധൈര്യം നിങ്ങൾക്കില്ല. അങ്ങനെ ഇല്ലാതെ വരുന്നത് എന്തോ വിനീതവിധേയത്വം അവരുടെ മുമ്പിൽ കാണിക്കുന്നതിന്റെ ഫലമായിട്ടല്ലേ ?

10 A.M.] വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ഉത്തരേന്ത്യയിൽ അല്ലെങ്കിൽ അയൽ സംസ്ഥാനങ്ങൾക്ക് മാതൃകയായി നിലനിന്നിട്ടുള്ള കേരളം ഇന്ന് അവരുടെ പിറകിൽ പോയി. അതുപോലെതന്നെ കേന്ദ്ര സ്ഥാപനങ്ങൾ 15 ശതമാനം മാത്രം മാനേജ്മെന്റ് ക്വാട്ട എന്ന് നിശ്ചയിച്ചുകൊണ്ട് അവർ പ്രഖ്യാപനം നടത്തിയിരിക്കുകയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഇൻഡ്യയ്ക്കാകെ മാതൃകയാകുന്ന തരത്തിൽ ഒരു നിയമം കൊണ്ടുവന്ന് ഇവരുടെ ധിക്കാരത്തിന് കടിഞ്ഞാണിടണം. ഇവരുടെ ധിക്കാരത്തിനെതിരായി സമരം ചെയ്യുന്ന കുട്ടികളെ നിങ്ങളുടെ പോലീസ് വിലങ്ങ് വച്ചു. ഭീകരൻമാരെ മാത്രം വിലങ്ങ് വയ്ക്കാനാണ് സുപ്രീംകോടതി അനുവദിച്ചിട്ടുള്ളത്. നമ്മുടെ മക്കളെ, പാവപ്പെട്ട കുട്ടികളെ നിങ്ങൾ വിലങ്ങ് വയ്ക്കാൻ തുനിഞ്ഞതിൽ കണിശമായും ഞങ്ങൾ പ്രതിഷേധിക്കുന്നു, അതിനോട് ഞങ്ങൾ യോജിക്കുന്നില്ല, ഞങ്ങൾക്ക് രോഷമുണ്ട്. അതിനെക്കുറിച്ച് ഒരു വാക്കുപോലും പറയാൻ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി തുനിഞ്ഞില്ല. ഈ തരത്തിൽ അങ്ങനെയും നിങ്ങൾ മാനേജ്മെന്റിനെ പ്രോൽസാഹിപ്പിച്ചിരിക്കുകയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട ചെയർ പറഞ്ഞതനുസരിച്ച് സ്പീക്കറെ മാനിച്ചുകൊണ്ട് ഞങ്ങൾ ഇന്ന് വാക്കൗട്ട് നടത്തുന്നില്ല. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട സ്പീക്കറുടേയും അപ്പുറത്തിരിക്കുന്ന കുറേ ആളുകളുടെയും വികാരം മാനിച്ച്, (എല്ലാവരുടെയും എന്ന് ഞാൻ തിരുത്തുന്നു.) നാളെ ആ കോളേജ് തുറക്കാതിരിക്കാൻ ഇടയാകത്തക്ക തരത്തിലുള്ള എല്ലാ നടപടികളും ഞങ്ങൾ സ്വീകരിക്കുന്നതാണെന്നും

LIBRARY ARCHIVES Kerala Legislative Assembly

ഇതിനാൽ പ്രഖ്യാപിക്കുകയാണ്. സഹകരിക്കാവുന്നവർക്കെല്ലാം സഹകരിക്കാം. ഞങ്ങൾ സ്വാഗതം ചെയ്യുന്നതാണ്. ഏതായാലും ഞങ്ങളുടെ ഇനിഷ്യേറ്റീവ് അവിടെ ഉണ്ടാകും. അതെല്ലാം നിങ്ങൾക്ക് ഈ നിയമം പാസ്സാക്കാൻ കണിശമായും പ്രോൽസാഹജനകമായിരിക്കും എന്ന് ഞങ്ങൾ കരുതുന്നു. ബഹുമാനപ്പെട്ട സ്പീക്കറുടെ അഭ്യർത്ഥന മാനിച്ച് ഞങ്ങൾ വാക്കൗട്ട് നടത്തുന്നില്ല.

III ശ്രദ്ധക്ഷണിക്കൽ

(1) സർവ്വശിക്ഷാ അഭിയാൻ പദ്ധതി

10 A.M.] ശ്രീ. വി. കെ. ചന്ദ്രൻ: സർ, കേരളത്തിലെ ലക്ഷക്കണക്കിന് വിദ്യാർത്ഥികളെ വളരെ ഗൗരവമായി ബാധിക്കുന്ന ഒരു പ്രശ്നം സഭയിൽ കൊണ്ടുവരുന്നതിനു വേണ്ടിയാണ് ഞാൻ പരിശ്രമിക്കുന്നത്. അടിസ്ഥാന വിദ്യാഭ്യാസം പൊതുജനപങ്കാളിത്തത്തോടുകൂടി നടപ്പാക്കുന്നതിനാണ് കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി കേരളത്തിൽ എസ്.എസ്.എ. പദ്ധതി നടപ്പിലാക്കിവരുന്നത്. 2001 മുതൽ 2010 വരെ ആകുമ്പോഴേക്കും ആറു വയസ്സുമുതൽ പതിനാല് വയസ്സുവരെയുള്ള എല്ലാ കുട്ടികൾക്കും ഗുണമേൻമയുള്ള എലിമെന്ററി വിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 2002-2003 സാമ്പത്തികവർഷത്തിൽ 1924.34 കോടി രൂപ ഈ പദ്ധതിക്കുവേണ്ടി വകയിരുത്തി. ഇതിൽ 84,72,76,000 രൂപ കേന്ദ്ര ഗവൺമെന്റ് നമ്മുടെ സംസ്ഥാനത്തിന് അനുവദിച്ചു. പക്ഷേ ഈ തുക ചെലവഴിക്കാതെ നഷ്ടപ്പെട്ടു എന്നാണ് മലയാള മനോരമ ഉൾപ്പെടെയുള്ള പത്രങ്ങൾ റിപ്പോർട്ട് ചെയ്തത്. അനന്ത സാദ്ധ്യതകളുള്ള ഈ പദ്ധതി നടപ്പാക്കുന്നതിലെ വീഴ്ചയും, പിടിപ്പുകേടും, സർക്കാരിന്റെ അനാസ്ഥയുംമൂലമാണ് ഈ ഫണ്ടുകൾ ദുർവിനിയോഗം ചെയ്യുന്നത്. മുഖ്യമന്ത്രി ചെയർമാനായി സംസ്ഥാന ഇംപ്ലിമെന്റേഷൻ കമ്മിറ്റി രൂപീകരിക്കാനുള്ള നിർദ്ദേശവും പ്രീ-പ്രോജക്ട് നിർമ്മിക്കാനുള്ള ഫണ്ടും 2001-ൽ നൽകി. 2001-ൽ തന്നെ പ്രോജക്ട് ആരംഭിക്കുന്നതിനുവേണ്ടിയാണ് കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിച്ചിരുന്നത്. 2000 ഡിസംബർ മാസത്തിൽ ഈ നിർദ്ദേശം നൽകി. 2001-ൽ തെരഞ്ഞെടുപ്പു വന്നപ്പോൾ അന്ന് കാര്യമായി ഒന്നുംതന്നെ നമ്മുടെ സംസ്ഥാനത്ത് നടന്നില്ല. ഇതിനാവശ്യമായ ഫണ്ട് അന്ന് ഡി.പി.ഇ.പി. യുടെ മുഖ്യചുമതല വഹിച്ചിരുന്ന പെഡസ്കാണ് ഏറ്റെടുത്തത്. പക്ഷെ പെഡസ്ക് ഏറ്റെടുത്തു എങ്കിലും പ്രോജക്ട് തയ്യാറാക്കിയില്ല, ഈ ഫണ്ടും ചെലവഴിച്ചില്ല. പ്രോജക്ട് നൽകിയില്ലെങ്കിൽ കേരളം ഈ പദ്ധതിയിൽ നിന്നു ഒഴിവാകുന്ന ഒരവസ്ഥ വന്നു. അങ്ങനെ പ്രോജക്ട് ഉണ്ടാക്കാൻ ഒരുങ്ങി, വിദഗ്ദ്ധരെ ആരെയും വിളിച്ചുചേർത്തില്ല, അതിനെ സംബന്ധിച്ച് യാതൊരു വിശദീകരണവും നടന്നില്ല. വളരെ ഗൗരവമായ ഒരു വിഷയമാണ്, മന്ത്രി വളരെ ശ്രദ്ധചെലുത്തേണ്ടതാണ്. കേരളത്തിൽ ഈ പദ്ധതി അനാസ്ഥയിലേക്ക് നീങ്ങാൻ പോകുകയാണ്. ആറു ജില്ലകളിൽ ഡി.പി.ഇ.പി. യുടെ ഭാഗമായി നടത്തിയ വിദഗ്ദ്ധ പഠനറിപ്പോർട്ടുകളുണ്ട്. ചില ഏജൻസികളെയും തന്നിഷ്ടക്കാരെയും നിയമിച്ച്

LIBRARY ARCHIVES Kerala Legislative Assembly